കേന്ദ്ര റോഡ് ഫണ്ട് സ്കീം അനുസരിച്ച് പണിയുന്ന റോഡുകൾ.

* 841 (12) ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേന്ദ്ര റോഡ് ഫണ്ട് സ്കീം അനുസരിച്ച് കേരളത്തിൽ എത്ര റോഡുകൾ പണിയാൻ തുടങ്ങിയിട്ടുണ്ട്;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് തുടങ്ങിയ എറണാകുളം ജില്ലയിൽപ്പെട്ട പൂത്തോട്ട റോഡിന്റെ പണി രണ്ടുവർഷമായി നടക്കുന്നില്ലേ;

(സി) കേന്ദ്ര ഫണ്ട് ലഭിക്കായ്കകൊണ്ടാണോ ഇത് നടക്കാത്തത്;

(ഡി) എങ്കിൽ കേന്ദ്രഫണ്ട് കിട്ടാൻ എന്ത് നടപടിയെടുത്തു;

(ഈ) ഇതിന്റെ ഫലമെന്തെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ആരംഭംമുതൽ 51 റോഡുകളുടെ പണി തുടങ്ങിയിട്ടുണ്ട്. ഇതുവരെ പണി തുടങ്ങിയവയിൽ, 22 റോഡുകളുടെ പണി പൂർത്തിയായിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഈ റോഡുപണിക്കാവശ്യമായ തുക പൂർണ്ണമായി സെൻട്രൽ റോഡ് ഫണ്ടിൽനിന്ന് ലഭിച്ചിട്ടില്ല.

(ഡി, ഈ) സെൻട്രൽ റോഡ് ഫണ്ടിൽനിന്ന് 50,000 രൂപ അനുവദിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റനുസരിച്ച് 2,67,301 രൂപയാണ് ഇതിനുവേണ്ടി ആവശ്യമുള്ളത്. മുഴുവൻ തുകയും സെൻട്രൽ റോഡ് ഫണ്ടിൽനിന്ന് ലഭിക്കാൻ ഇപ്പോൾ സാദ്ധ്യതയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 50,000 രൂപ അനുവദിച്ചിട്ടുള്ളതിൽ ഇതിനകം എത്ര രൂപ ചെലവാക്കി; ബാക്കി സംഖ്യ ഉപയോഗിച്ച് ശേഷം പണി നടത്താത്തതെന്താണ്? രണ്ടുകൊല്ലമായി പണി മുടങ്ങിക്കിടക്കുകയാണ്.

ശ്രീ. പി. പി. ഉമ്മർകോയ: അതിന്റെ പണി തുടങ്ങിയിട്ടില്ല. കാരണം റിവൈസ്ഡ് എസ്റ്റിമേറ്റനുസരിച്ചുള്ള തുകയ്ക്ക് അപ്രൂവൽ കിട്ടിയിട്ടില്ല. 50,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. അതിന്റെ വർക്ക് തുടർന്ന് നടത്തുന്ന കാര്യം പരിഗണനയിലിരിക്കുകയാണ്.

ശ്രീ. സി. എ. മാത്യു: സെൻട്രൽ ഫണ്ടുപയോഗിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് പണി നടത്തപ്പെടുന്ന നാഷനൽ ഹൈവേയുടെ ദൈർഘ്യം താരതമ്യേന കുറവായതുകൊണ്ട്, നമുക്ക് കിട്ടുന്ന തുകയും കുറവായിരിക്കുകയേയുള്ളൂ. അതുകൊണ്ട് കൂടുതൽ റോഡുകളുടെ ദൈർഘ്യം അനുവദിപ്പിക്കുന്നതിനും, അതനുസരിച്ച് ഗ്രാന്റ് കൂട്ടിക്കിട്ടുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ: നമ്മുടെ സംസ്ഥാനത്തെ നാഷനൽ ഹൈവേയുടെ ദൈർഘ്യം കുറവാണ്. ഇപ്പോഴത്തന്നെ, നാഷനൽ ഹൈവേയിൽ വളരെയധികം പണി പൂർത്തിയാകാതെ ഉണ്ട്. ഇനിയും പല പാലങ്ങളുടെ പണിയും നടത്തണം. എല്ലാം കേന്ദ്ര ഗവണ്മെന്റിന്റെ അംഗീകാരത്തോടുകൂടിയേ ഏറ്റെടുത്തു നടത്താൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. കൊച്ചുകുട്ടൻ: കേന്ദ്ര റോഡു ഫണ്ടുപയോഗിച്ചു സംസ്ഥാനത്തെ റോഡുകൾ നന്നാക്കുന്നതിന് ശരാശരി മൈലിന് ലഭിക്കുന്ന തുക, മഴക്കാലത്ത് അപര്യാപ്തമാണെന്നുള്ള വസ്തുത കണക്കിലെടുത്ത് തുക കൂട്ടിത്തരണമെന്നു നിവേദനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അങ്ങനെ ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ഉമ്മർകോയ: നാഷനൽ ഹൈവേയുടെ മെയിൻറനൻസിന്റെ മുഴുവൻ ചെലവും വഹിക്കുന്നതു് കേന്ദ്ര ഗവണ്മെൻറായതുകൊണ്ടു് ഈ പ്രശ്നം വരുന്നില്ല.

ശ്രീ. കെ. മാധവൻ: നമ്മുടെ സംസ്ഥാനം വളരെ ചെറിയ സംസ്ഥാനമായതുകൊണ്ടു് നാഷണൽ ഹൈവേയുടെ നീളം കുറയും. അതുകൂടി പരിഗണിച്ചുകൊണ്ടു കൂടുതൽ അലോട്ടുമെൻറു ആവശ്യപ്പെടരുതോ?

ശ്രീ. പി. പി. ഉമ്മർകോയ: സെൻട്രൽ റോഡു് ഫണ്ടു് ഒരു പ്രത്യേക ഫണ്ടാണു്. മോട്ടോർ സ്പിരിറിനുള്ള എക്സ്ടാഡ്യൂട്ടിയിൽനിന്നു ഓരോ സ്റ്റേറിനും വീതിച്ചുകൊടുക്കുന്ന ഫണ്ടാണിതു്. കേന്ദ്ര ഗവണ്മെൻറു അംഗീകരിക്കുന്ന വർക്കുകൾക്കാണു് ഈ ഫണ്ടുപയോഗിക്കുന്നതു്.

റീജിയണൽ നിലവാരത്തിലുള്ള ഭരണമേധാവികളും ആഫീസുകളും.

* 842. [13] ശ്രീ. സി. അച്യുതമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറുനിലവാരത്തിനും ജില്ലാ നിലവാരത്തിനും മദ്ധ്യേ റീജിയണൽ നിലവാരത്തിൽ ഭരണമേധാവികളും ആഫീസുകളും ഇന്നു് എത്ര വകുപ്പുകളിൽ ഉണ്ടു് ; അവ ഏതെല്ലാം ;

(ബി) ചെലവുചുരുക്കൽ പരിപാടിയുടെ ഒരു ഭാഗമായി റീജിയണൽ ആഫീസുകൾ നിറുത്തലാക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) റീജിയണൽ ആഫീസുകൾ നിർത്തലാക്കുന്നതിന്റെ ഫലമായി ഉണ്ടാകാവുന്ന ചെലവുകുറവു് എത്രയാണെന്നു കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 15 വകുപ്പുകളിൽ: (1) പഞ്ചായത്തു്, (2) പോലീസു്, (3) ഫയർഫോഴ്സു്, (4) ലോക്കൽ ഫണ്ടു്, (5) പി. ഡബ്ലിയു. ഡി. (6) വിദ്യാഭ്യാസം, (7) ഇൻഡസ്ട്രീസു്, (8) കാർഷികാദായ നികുതിയും വില്പനനികുതിയും, (9) പബ്ലിക് ഹെൽത്തു് എൻജിനീയറിംഗു്, (10) ലേബർ, (11) ഇൻസ്പെക്ടറേറു ഓഫ് ഫാക്ടറീസു് ആൻഡു് ബായിലേഴ്സു്, (12) എംപ്ലോയ്മെൻറു്, (13) അഗ്രിക്കൾച്ചർ, (14) ഫിഷറീസു്, (15) ഫാറസ്റ്റു്.

(ബി) ഫിഷറീസു് ഡിപ്പാർട്ടുമെൻറിന്റെ കാര്യത്തിൽ മാത്രം ഇപ്പോൾ ഗവണ്മെൻറു പരിശോധിച്ചുവരുന്നുണ്ടു്. മറ്റു ഡിപ്പാർട്ടുമെൻറുകളുടെ കാര്യത്തിൽ, ഭരണച്ചെലവു കുറയ്ക്കുന്നതിനു് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിയുക്തനായിട്ടുള്ള സ്പെഷ്യൽ ആഫീസർ ഇക്കാര്യവും പരിഗണിക്കാനിടയുണ്ടു്.

(സി) ഇല്ല, ഉദിക്കുന്നില്ല.

ശ്രീ. സി. അച്യുതമേനോൻ : വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിന്റെ കാര്യത്തെക്കുറിച്ചു് ഈ സഭയിൽ തന്നെ പരാമർശം ഉണ്ടായി. ഗവണ്മെൻറു് അതിനെപ്പറ്റി എന്തൊക്കെയോ ചെയ്തിട്ടുണ്ടെന്നു കേട്ടു. ആ പ്രശ്നം ഇപ്പോൾ ഏതു നിലയിലിരിക്കുന്നു ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കൃത്യമായി പറയാൻ നിവൃത്തിയില്ല. അതും, സ്പെഷ്യലാഫീസറുടെ റിപ്പോർട്ടു കിട്ടിയതിനു ശേഷമേ അവസാനമായി തീരുമാനമെടുക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly